**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവീസിൽ പ്രവേശിച്ച ജീവനക്കാർ നിയമനപരിശോധനക്കു മുൻപ് മരണപ്പെടുന്ന കേസുകളിൽ നിയമനപരിശോധന നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ.(കൈ) നം.16/2021/ഉ.ഭ.പ.വ തീയതി,തിരുവനന്തപുരം, 22/06/2021

---

പരാമർശം:-

1. 14.12.2010 ലെ സ.ഉ.(പി) നം.41/2010/ഉഭപവ നമ്പർ ഉത്തരവ്.
2. 06.06.2011 ൽ സ.ഉ.(പി) നം.15/2011/ഉഭപവ നമ്പർ ഉത്തരവ്.
3. 30.06.2011 ൽ സ.ഉ.(പി) നം.20/2011/ഉഭപവ നമ്പർ ഉത്തരവ്.
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 03-03-2021 ലെ AA&VW11 /1 /2020-KPSC(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്ന എല്ലാ നിയമനങ്ങളും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന് പുറമെ പി എസ് സി യുടെ നിയമന പരിശോധന കൂടി നടത്തിയതിനു ശേഷം മാത്രമേ റെഗുലറൈസ് ചെയ്യാവൂ എന്ന് നിഷ്കർഷിച്ചു കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, സർവ്വീസ് റെഗുലറൈസേഷൻ വ്യവസ്ഥകൾ സംബന്ധിച്ച് പരാമർശം രണ്ടും മൂന്നും ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നു പ്രസ്തുത ഉത്തരവുകളിൽ, സർവീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥന്റെ സർവീസ് രേഖകൾ നിയമനാധികാരി സാക്ഷ്യപ്പെടുത്തി പബ്ലിക് സർവീസ് കമ്മീഷന് അയച്ചു കൊടുക്കേണ്ടതാണെന്നും, പബ്ലിക് സർവീസ് കമ്മീഷൻ ടി ഉദ്യോഗസ്ഥനുമായി കൂടിക്കാഴ്ച നടത്തി ഫോട്ടോയും വിരലടയാളവും പ്രസ്തുത ഉദ്യോഗസ്ഥന്റെ തന്നെയാണെന്ന് പരിശോധിച്ചു ഉറപ്പുവരുത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം, നിയമനാധികാരിക്ക് തിരിച്ച അയയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. എന്നാൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവീസിൽ പ്രവേശിച്ച ജീവനക്കാർ നിയമനപരിശോധനക്കു മുൻപ് മരണപ്പെടുന്ന കേസുകളിൽ എപ്രകാരം നിയമനപരിശോധന നടത്തണമെന്നത് സംബന്ധിച്ച നിർദേശങ്ങൾ ലഭ്യമാക്കണമെന്ന് സൂചന നാല് കത്ത് പ്രകാരം പി എസ് സി സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവീസിൽ പ്രവേശിച്ച ജീവനക്കാർ നിയമനപരിശോധനക്കു മുൻപ് മരണപ്പെടുന്ന കേസുകളിൽ , പരാമർശം രണ്ടും മൂന്നും ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരം നിയമന പരിശോധനക്ക് ലഭ്യമാക്കേണ്ട രേഖകളോടൊപ്പം , മരണ സർട്ടിഫിക്കറ്റ് കൂടി ബന്ധപ്പെട്ട നിയമന അധികാരികൾ/ വകുപ്പ് മേധാവികൾ പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന പരിശോധന പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകുവാനും നിർദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എല്.റ്റി.സന്തോഷ് കമാര്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും, ജില്ലാ കളക്ടർമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകൾക്കും,

എല്ലാ സെക്ഷനുകൾക്കും

എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും, ജില്ലാ കളക്ടർമാർക്കും

ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)

കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖകത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള

സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് )

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്

www.pard.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് )

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.